(4) കോസ്റ്റ് ഗാർഡിന്റേയും നേവിയുടേയും സേവനം ആകാശ നിരീക്ഷണത്തിനും രക്ഷാപ്രവർത്തനത്തിനും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റോഡുകളിൽ 'സൈൻ' ബോർഡുകൾ

*14 [194] ശ്രീ. എൻ. രാജൻ:
" പി. എസ്. സുപാൽ:
" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ 'സൈൻ' ബോർഡുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ടെൻഡറുകൾ ലഭിച്ചു;

(സി) ഏതു കമ്പനിക്ക് എന്ത് തുകയ്ക്കാണ് ടെൻഡർ ഉറപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡുകളിൽ ഈ ബോർഡുകൾക്ക് ഉപയോഗിക്കേണ്ട ഉൽപ്പന്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗരേഖകളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. 6 ടെൻഡറുകളാണ് ലഭിച്ചത്.

(സി) സൈൻ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിവിധ തലങ്ങളിൽ നിന്നും ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ തുടങ്ങിവെച്ച ടെൻഡർ നടപടികൾ റദ്ദുചെയ്യുവാനും സൈൻ ബോർഡുകളുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടെ എല്ലാ വശങ്ങളും വിശദമായി പരിശോധിച്ച ശേഷം പുനർ ടെൻഡർ ക്ഷണിക്കുവാനും 24-5-2004-ൽ സർക്കാർ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) പ്രത്യേക മാർഗ്ഗരേഖകളൊന്നും ഇല്ല.

തമിഴ്നാട് വെള്ളം ചോർത്തുന്നതിനെതിരെ നടപടി

*15 [195] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുമ്പോഴും സംസ്ഥാനത്തെ പല സ്ഥലങ്ങളിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തിക്കൊണ്ട് പോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly